"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ആശാഭവനിൽ (സ്ത്രീകൾ) വാച്ച്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അജിത്ത് എസ്.-നെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.51/2026/SJD തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:-

1. 07.01.2013-ലെ സ. ഉ. (പി). നമ്പർ. 20/2013/ധന സർക്കാർ ഉത്തരവ്.
2. 07.05.2013-ലെ സ. ഉ. (പി). നമ്പർ. 209/2013/ധന സർക്കാർ ഉത്തരവ്.
3. 14.07.2014-ലെ സ. ഉ. (പി). നമ്പർ. 279/2014/ധന സർക്കാർ ഉത്തരവ്.
4. ധനകാര്യ (പെൻഷൻ. എ) വകുപ്പിന്റെ 04.07.2015-ലെ 65/2015/ധന നമ്പർ പരിപത്രം.
5. 06.07.2020-ലെ സ. ഉ. (പി). നമ്പർ. 92/2020/ധന സർക്കാർ ഉത്തരവ്.
6. ശ്രീ. അജിത്ത് എസ്.-ന്റെ 27.08.2021-ലെ ഓപ്ഷൻ ആപ്ലിക്കേഷൻ.
7. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 29.04.2023, 15.07.2025 എന്നീ തിയതികളിലെ എസ്.ജെ.ഡി./399/2023-ഇ.4. നമ്പർ. കത്തുകൾ.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ആശാഭവനിൽ (സ്ത്രീകൾ) വാച്ച്മാൻ തസ്തികയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അജിത്ത്. എസ്.-ന് പൊതുമേഖല സ്ഥാപനമായ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ മുൻകാലസേവനം (10 വർഷവും 7 മാസവും) കണക്കിലെടുത്ത് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ടിയാൻ പരാമർശം 6-പ്രകാരം സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് ടിയാന് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ച് കൊണ്ട് ഉത്തരവ്

പുറപ്പെടുവിക്കണമെന്ന് ശിപാർശ ചെയ്ത് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാർമർശം 7-പ്രകാരം സർക്കാരിൽ പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ (കെ.എസ്.ആർ.ടി.സി.) മെക്കാനിക്ക് ഗ്രേഡ്-2 തസ്തികയിൽ സ്ഥിരനിയമന വ്യവസ്ഥയിൽ 17.08.2010 തീയതിയിൽ ശ്രീ. അജിത്ത്. എസ്. ജോലിയിൽ പ്രവേശിച്ചു. 03.12.2010 തീയതി പ്രാബല്യത്തിൽ ടിയാളെ റഗുലർ ജീവനക്കാരനായി ടി സ്ഥാപനം പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സാമൂഹ്യനീതി വകുപ്പിൽ വാച്ച്മാൻ തസ്തികയിൽ സ്ഥിരനിയമന വ്യവസ്ഥയിൽ നിയമനം ലഭിച്ചതിനെ തുടർന്ന് 28.07.2021 തീയതിയിൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും ടിയാൻ രാജി വയ്ക്കുകയും പരാമർശം 4-ലെ പരിപത്രത്തിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളിൻ പ്രകാരം സമയപരിധിക്കുള്ളിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ആശാഭവനിൽ (സ്ത്രീകൾ) 30.07.2021-ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് പരാമർശം 2-ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ടി ജീവനക്കാരൻ മൂന്ന് മാസത്തിനകം പരാമർശം 6-പ്രകാരം കെ.എസ്.ആർ. ഭാഗം-III പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള ഓപ്ഷൻ ഫോം സമർപ്പിച്ചിട്ടുണ്ടെന്നും പരാമർശം 3-ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം അപേക്ഷകനായ ശ്രീ. അജിത്ത്. എസ്. കേരള സർവീസ് റൂൾസിന് വിധേയമായി പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.-യിൽ നിന്നുമാണ് സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവേശിച്ചിട്ടുള്ളതെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം 7-പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 31.03.2013 വരെ കെ.എസ്.ആർ. ഭാഗം-III പെൻഷൻ പദ്ധതി ബാധകമായിരിക്കുന്ന വിഭാഗങ്ങളിൽ സേവനത്തിലിരിക്കെ 01.04.2013-നോ അതിന് ശേഷമോ മറ്റൊരു തസ്തികയിൽ ജോലി ലഭിക്കുന്ന ജീവനക്കാർക്ക് അവർ 01.04.2013-ന് മുൻപ് തന്നെ സർക്കാർ സർവ്വീസിന്റെ ഭാഗമായിരുന്നു എന്നത് പരിഗണിച്ച് കെ.എസ്.ആർ ഭാഗം-III പെൻഷൻ പദ്ധതിയിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാർ പരമാർശം-2, 3 സർക്കാർ ഉത്തരവുകളിലേയും പരാമർശം-4 പരിപത്രത്തിലേയും വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരിക്കുന്നതെങ്കിൽ അവർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കും. മേൽ ഉത്തരവുകൾ പ്രകാരം ജീവനക്കാർ പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് മൂന്ന് മാസത്തിനകം നിയമനാധികാരിയ്ക്ക് മുൻപാകെ ഓപ്ഷൻ ഫോം സമർപ്പിക്കേണ്ടതാണ്. 30.07.2021-ന് സാമൂഹ്യനീതി വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. അജിത്ത് എസ്. 27.08.2021 തീയതിയിൽ ഓപ്ഷൻ ഫോം സമർപ്പിച്ചിട്ടുണ്ട്. പരമാർശം-2, 3 സർക്കാർ ഉത്തരവുകളിലേയും പരാമർശം-4 പരിപത്രത്തിലേയും വ്യവസ്ഥകൾ പാലിച്ച് കൊണ്ട് സാമൂഹ്യനീതി വകുപ്പിൽ ജോലിയിൽ പ്രവേശിച്ച സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ആശാഭവനിലെ (സ്ത്രീകൾ) വാച്ച്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. അജിത്ത് എസ്.-ന് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ അദീല അബ്ദുള്ള ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

1. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
   (ശ്രീ അജിത്. എസ്.-ന്റെ സേവനപുസ്തകത്തിൽ ഈ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉൾപ്പെടുത്തേണ്ടതാണ്. )
2. ശ്രീ അജിത്. എസ്., വാച്ച്മാൻ, ആശാഭവൻ (സ്ത്രീകൾ), പൂജപ്പുര, തിരുവനന്തപുരം (ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
4. ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (പ്രസ്തുത വകുപ്പിന്റെ 31.01.2025-ലെ ഡബ്ലിയു.ഡബ്ലിയു.-ഡബ്ലിയു.ഡബ്ലിയു..2/191/2024/ധന നമ്പർ കുറിപ്പ് പ്രകാരം)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
സെക്ഷൻ ഓഫീസർ
Date: 16-02-2026 10:58:48